# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2862

20.07.2011-ൽ മറുപടിക്ക്.

### ഇൻകെൽ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇൻകെൽ വഴി നടപ്പിലാക്കിയ പ്രധാന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) ഇൻകെൽ ഇതുവരെ സംസ്ഥാനത്ത് പ്രധാനപ്പെട്ട വ്യവസായ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |
| (ബി) അടിസ്ഥാന സൗകര്യ വികസന--ത്തിനായി സ്വകാര്യ പങ്കാളിത്തത്തോടെ ഇൻകെൽ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ; | (ബി) സ്വകാര്യ മേഖലയിലുള്ള മറ്റു പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |
| (സി) ഇൻകെലിന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ; | (സി) ഇൻകെലിന്റെ പ്രവർത്തനങ്ങൾക്കായി കമ്പനി രൂപീകരിച്ചപ്പോൾ ഓഹരി മൂലധനമായി 20.25 കോടി രൂപ നൽകിയിരുന്നു. ഇതു പൂർണ്ണമായും ഓഹരിയായി മാറ്റിയിട്ടിണ്ട്. |
| (ഡി) ഇൻകെലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) ഇൻകെലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി, നിലവിലുള്ള വ്യാവസായിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും മറ്റു മേഖലകളിലുള്ള അടിസ്ഥാന സേവന വികസനത്തിനും വേണ്ടി താഴെപ്പറയുന്ന പദ്ധതികൾ പരിഗണനയിലുണ്ട്.<br>1) ട്രിഡയും തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് പാളയം വികസന പദ്ധതി.<br>2) കെ.എസ്.ഐ.ഇ-യുമായി ചേർന്ന് തമ്പാനൂരിൽ കോമേഴ്ഷ്യൽ കോംപ്ലെക്സ്.<br>3) ടൂറിസം റിസോർട്ട് കേരളയുമായി ചേർന്ന് വേളിയിൽ അർബൻ എന്റർടെയിൻമെന്റ് സെന്ററും, മറൈൻ അക്വേറിയവും. |

4) കെ.എസ്.ഐ.ഡി.സി-യുമായി സംയുക്ത സംരംഭമായി അങ്കമാലിയിൽ ലോജിസ്റ്റിക്ക് പാർക്ക്.

5) കെ.എസ്.ഐ.ഡി.സി-യുമായി ചേർന്ന് മലപ്പുറത്ത് ഹെൽത്ത് എഡ്യൂക്കേഷൻ സിറ്റി.

6) ബേപ്പൂർ തുറമുഖത്തിന്റെ വികസനം.

7) ചേർത്തലയിൽ കെ.എസ്.ഐ.ഡി.സി-യുമായി ചേർന്ന് ടൂറിസം റിസോർട്ട്.

8) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറുമായി സംയുക്ത സംരംഭമായി ആലുവയിൽ ഫർണീച്ചർ സിറ്റി.

9) കിൻഫ്രായുമായി ചേർന്ന് കോഴിക്കോട്ട് സംയുക്ത സംരംഭം.

10) കിൻഫ്രായുമായി ചേർന്ന് പുനലൂരിൽ ഭക്ഷ്യസംസ്കരണ ആയുവേദ പാർക്ക്.

11) കിൻഫ്രായുമായി സംയുക്ത സംരംഭമായി കാക്കനാട്ട് ഇന്റർനാഷണൽ കൺവെൻഷൻ & ട്രേഡ് സെന്റർ.

12) തിരുവനന്തപുരത്ത് സ്പോർട്ട്സ് വകുപ്പുമായി ചേർന്ന് ഒളിംപിക് ടവർ.

13) കോട്ടയം മുൻസിപ്പാലിറ്റിയുമായി ചേർന്ന് സമഗ്ര അടിസ്ഥാന സൗകര്യ വികസനം.

**സെക്ഷൻ ഓഫീസർ**